# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01.08.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) പാർലമെൻറിൻറെ ഇരുസഭകളിലും പ്രതിപക്ഷ ബഹളം. രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു. ലോക്സഭാ നടപടികൾ രണ്ട് മണി വരെ നിർത്തിവച്ചു.

   The Rajya Sabha has been adjourned for the day following opposition uproar over issues. Lok Sabha has been adjourned till 2:00 PM amid sloganeering by the opposition members over various issues.

2) പിഎം കിസാൻ സമ്മാൻ നിധിയുടെ 20-ആം ഗഡു വിതരണം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ വാരാണസിയിൽ നിർവഹിക്കും.

   Prime Minister Narendra Modi will release the 20th instalment of PM-KISAN from Varanasi, tomorrow.

3) NI-SAR വിക്ഷേപണ വിജയം ഇന്ത്യൻ ചരിത്രത്തിലെ അതുല്യ മുഹൂർത്തമായിരുന്നുവെന്ന് ഐ എസ് ആർ ഒ ചെയർമാൻ ഡോ. വി നാരായണൻ.

   The successful launch of NI-SAR mission is a significant milestone in the history of India, says ISRO Chairman Dr. V Narayanan

4) നിക്ഷേപക സേവനം മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള ബാങ്കിംഗ് നിയമ ഭേദഗതികൾ രാജ്യത്ത് ഇന്ന് മുതൽ പ്രാബല്യത്തിൽ

**Key provisions of Banking Laws (Amendment) Act, 2025 to come into effect today.**

5) ഓവൽ ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യയുടെ ഒന്നാം ഇന്നിങ്സ് ബാറ്റിംഗ് ഇന്ന് പുനരാരംഭിക്കും.

**In cricket, the fifth Cricket Test between India and England in Anderson-Tendulkar Trophy will resume today.**

6) ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങൾക്ക് ഉയർന്ന തീരുവ ഏർപ്പെടുത്തുന്ന എക്സിക്യൂട്ടീവ് ഉത്തരവിൽ ഒപ്പുവച്ച് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ്

**US President Donald Trump yesterday signed a sweeping executive order imposing higher tariffs on several nations including India and the 27-member European Union.**

******************

## **LS - RS - ADJOURN - (INTRO)**

പാർലമെന്റിന്റെ വർഷകാലസമ്മേളനത്തിൽ ഇന്നും ഇരുസഭകളിലും പ്രതിപക്ഷ ബഹളം. രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു. ലോക്സഭാ നടപടികൾ രണ്ട് മണി വരെ നിർത്തിവച്ചു. ലോക്സഭയിൽ രാവിലെ സമ്മേളന നടപടികൾ ആരംഭിച്ചപ്പോൾ, ചോദ്യോത്തര വേളയിലേക്ക് കടക്കാൻ സ്പീക്കർ ഓം ബിർള ശ്രമിച്ചെങ്കിലും പ്രതിപക്ഷം ബഹളം തുടങ്ങി. ബിഹാർ തീവ്ര വോട്ടർ പട്ടിക പരിഷ്കരണം ഉൾപ്പെടെയുള്ള വിഷയങ്ങൾ ഉന്നയിച്ചാണ് പ്രതിപക്ഷം പ്രതിഷേധിച്ചത്. ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിന് ചോദ്യോത്തോരവേളയുമായി സഹകരിക്കണമെന്ന് സ്പീക്കർ അഭ്യർത്ഥിച്ചെങ്കിലും പ്രതിപക്ഷം വഴങ്ങിയില്ല.

(വോയിസ്)

രാജ്യസഭയിലും സമാനമായ പ്രതിഷേധമാണ് നടന്നത്.

അടിയന്തര ചർച്ച ആവശ്യപ്പെട്ട് പ്രതിപക്ഷം നൽകിയ 30 നോട്ടീസുകൾ രാജ്യസഭ ഉപാധ്യക്ഷൻ ഹരിവംശ് തള്ളി. ആദ്യം 12 മണിവരെ നിർത്തിവച്ച സഭ പിന്നീട് ഇന്നത്തേക്ക് പിരിയുകയായിരുന്നു.

******************

## PM VARANASI

പിഎം കിസാൻ സമ്മാൻ നിധിയുടെ 20-ആം ഗഡു വിതരണം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ വാരാണസിയിൽ നിർവഹിക്കും. 9.7 കോടി കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് 20,500 കോടിയിലേറെ രൂപയാണ് ഇതിലൂടെ കൈമാറുക. 2,200 കോടി രൂപയുടെ വികസന പദ്ധതികൾക്കും പ്രധാനമന്ത്രി നാളെ തുടക്കം കുറിക്കും. റോഡ് വികസന പദ്ധതികൾ, റെയിൽ പദ്ധതികൾ എന്നിവയുടെ ഉദ്ഘാടനത്തിന് പുറമേ, 880 കോടി രൂപയുടെ ഊർജ്ജ വിതരണ പദ്ധതിയുടെ ശിലാസ്ഥാപനവും ഇതിൽ ഉൾപ്പെടുന്നു. ജൽ ജീവൻ ദൗത്യത്തിലൂടെ ആവിഷ്കരിച്ച 47 ഗ്രാമീണ കുടിവെള്ള പദ്ധതികളുടെ ഉദ്ഘാടനവും ശ്രീ മോദി നാളെ വാരാണസിയിൽ നിർവഹിക്കും.

******************

## ISRO CHAIRMAN – CSIR – INTRO

NI-SAR വിക്ഷേപണ വിജയം ഇന്ത്യൻ ചരിത്രത്തിലെ അതുല്യ മുഹൂർത്തമായിരുന്നുവെന്ന് ഐ എസ് ആർ ഒ ചെയർമാൻ ഡോ. വി നാരായണൻ. തിരുവനന്തപുരം CSIR- NIISTയുടെ സുവർണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച കോൺക്ലേവിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ബഹിരാകാശമേഖലയിൽ രാജ്യത്തിന്റെ അറിവും പ്രാഗത്ഭ്യവും, NI-SAR വിജയത്തിന് പിന്നിൽ പ്രവർത്തിച്ചതായും ശ്രീ വി നാരായണൻ പറഞ്ഞു.
(വോയിസ്)

******************

## BANKING LAWS AMENDMENT ACT

ബാങ്കിംഗ് മേഖലയുടെ ഭരണ നിലവാരവും, നിക്ഷേപക സേവനങ്ങളും മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള ബാങ്കിംഗ് നിയമ ഭേദഗതി

രാജ്യത്ത് ഇന്ന്
മുതൽ പ്രാബല്യത്തിൽ. ഏപ്രിൽ 15 ന് വിജ്ഞാപനം ചെയ്ത ഭേദഗതികളിൽ പൊതുമേഖലാ ബാങ്കുകളിലെ ഓഡിറ്റ് ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും, സഹകരണ ബാങ്കുകളിലെ ഡയറക്ടർമാരുടെ കാലാവധി വർദ്ധിപ്പിക്കുന്നതിനുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 5 ബാങ്കിങ്ങ് നിയമങ്ങളിൽ വരുത്തിയ 19 ഭേദഗതികളാണ് ഇന്ന് മുതൽ പ്രാബല്യത്തിൽ വരുന്നത്.

******************

## ECI - SIR

ബീഹാർ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിലൂടെ, പുതുക്കിയ വോട്ടർ പട്ടികയുടെ കരട് തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് പ്രസിദ്ധീകരിക്കും. സംസ്ഥാനത്തെ 38 ജില്ലകളിലെയും അംഗീകൃത രാഷ്ട്രീയ പാർട്ടികൾക്ക് വോട്ടർ പട്ടിക ലഭ്യമാക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ പറഞ്ഞു. സെപ്റ്റംബർ 1 വരെ പട്ടികയിൽ തിരുത്തലുകൾ വരുത്താം. പരാതികൾ പരിഹരിച്ച ശേഷം അന്തിമ വോട്ടർപട്ടിക അടുത്തമാസം 30 നാണ് പ്രസിദ്ധീകരിക്കുക. ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായാണ് നടപടി.

******************

## PM-15 AUG SPEECH IDEAS

സ്വാതന്ത്ര്യദിന പ്രസംഗത്തിനായി ആശയങ്ങൾ പങ്കിടാൻ രാജ്യത്തെ ജനങ്ങളെ ക്ഷണിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഈ മാസം15-ന് ന്യൂഡൽഹിയിലെ ചുവപ്പ്കോട്ടയിൽ നടക്കുന്ന പ്രസംഗത്തിൽ ഉൾപ്പെടുത്താനായാണ് ജനങ്ങളിൽ നിന്നും ചിന്തകളും ആശയങ്ങളും ക്ഷണിച്ചത്. MyGov ഓപ്പൺ ഫോറം, NaMo App തുടങ്ങിയവയിലൂടെ ആശയങ്ങൾ പങ്കുവയ്ക്കാവുന്നതാണ്.

******************

## VC -Governor

സംസ്ഥാനത്തെ ഡിജിറ്റൽ, സാങ്കേതിക സർവകലാശാലകളിൽ താത്കാലിക വൈസ് ചാൻസലർമാരെ നിയമിച്ച് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. സിസ തോമസിനെ ഡിജിറ്റൽ സർവ്വകലാശാല വി സി ആയും, കെ ശിവപ്രസാദിനെ സാങ്കേതിക സർവ്വകലാശാലാ വി സി ആയും വീണ്ടും നിയമിച്ചു കൊണ്ട് രാജ് ഭവൻ വിജ്ഞാപനം പുറത്തിറക്കി. 6 മാസമാണ് താത്കാലിക വി സി മാരുടെ കാലാവധി. സർക്കാർ നൽകിയ പാനൽ ഒഴിവാക്കിയാണ് ഗവർണറുടെ നടപടി.

******************

## Rajeev Chandrasekhar

അറസ്റ്റിലായ കന്യാസ്ത്രീകൾക്ക് ജാമ്യം നൽകുന്നതിനെ ഛത്തീസ്ഗഡ് സർക്കാരും പോലീസും എതിർക്കില്ലെന്ന് പ്രധാനമന്ത്രിയും ആഭ്യന്തരമന്ത്രിയും ഉറപ്പുനൽകിയിട്ടുണ്ടെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. തൃശ്ശൂർ അതിരൂപതാ ആസ്ഥാനത്ത് സിബിസിഐ അധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്തിനെ സന്ദർശിച്ചശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്ത് ക്രൈസ്തവർക്ക് മതിയായ സംരക്ഷണം ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ടതായി മാർ ആൻഡ്രൂസ് താഴത്ത് പറഞ്ഞു.

******************

## Anil Ambani

17,000 കോടി രൂപയുടെ വായ്പ തട്ടിപ്പ് കേസിൽ പ്രമുഖ വ്യവസായി അനിൽ അംബാനിയെ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് ചോദ്യം ചെയ്യലിന് വിളിപ്പിച്ചു. ഡൽഹിയിലെ ഇ.ഡി ആസ്ഥാനത്ത് ഈ മാസം 5 നാണ് ഹാജരാകേണ്ടത്. അനിൽ അംബാനിയുടെ മുംബൈയിലെയും, ഡൽഹിയിലെയും വിവിധ സ്ഥാപനങ്ങളിൽ, കഴിഞ്ഞ ആഴ്ച എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് റെയ്ഡ് നടത്തിയിരുന്നു. യെസ് ബാങ്കുമായി ബന്ധപ്പെട്ട വായ്പ തട്ടിപ്പ് കേസിലാണ് നടപടി.

******************

## CRICKET- IND-ENG TEST

ഇന്ത്യ- ഇംഗ്ലണ്ട് അഞ്ചാം ക്രിക്കറ്റ് ടെസ്റ്റിൻറെ ആദ്യ ദിനം ഇന്ത്യ ആറ് വിക്കറ്റിന് 204 റൺസ് എന്ന നിലയിൽ . കരുൺനായരുടെ അർദ്ധ സെഞ്ച്വറിയാണ് ബാറ്റിങ് തകർച്ച നേരിട്ട ഇന്ത്യക്ക് തുണയായത്. 19 റൺസുമായി വാഷിംഗ്ടൺ സുന്ദറാണ് കരുണിനൊപ്പം ക്രീസിൽ. അഞ്ച് മത്സരങ്ങളുള്ള പരമ്പരയിൽ ഇംഗ്ലണ്ട് 2-1 ന് മുന്നിലാണ്. മഴ കളിയെ ബാധിക്കുമോ എന്ന ആശങ്ക നിലനിൽക്കേയാണ് മത്സരം ഇന്ന് രണ്ടാം ദിനത്തിലേക്ക് കടക്കുന്നത്.

******************

## TRUMP TARIFF UPDATE

ഇന്ത്യയ്ക്കും, 27 യൂറോപ്യൻ യൂണിയൻ രാജ്യങ്ങൾക്കുമടക്കം ഉയർന്ന തീരുവ ഏർപ്പെടുത്തുന്നതിനുള്ള എക്സിക്യൂട്ടീവ് ഉത്തരവിൽ ഒപ്പുവച്ച് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ്. ഈ മാസം 7 മുതലാണ് അധിക തീരുവ നിലവിൽ വരിക. അമേരിക്കയുടെ താത്പര്യങ്ങൾ സംരക്ഷിക്കാനും, നീതിരഹിതമായ വ്യാപാര രീതികൾ പരിഹരിക്കുന്നതിനുമുള്ള നടപടി എന്നാണ് ട്രംപ് തീരുമാനത്തെ വിശേഷിപ്പിക്കുന്നത്. ഇന്ത്യയ്ക്ക് മേൽ 25 ശതമാനം തീരുവ ചുമത്തുമെന്നാണ് ട്രംപ് അറിയിച്ചിരിക്കുന്നത്. സിറിയയ്ക്ക് 41 ശതമാനവും, മ്യാൻമറിനും ലാവോസിനും 40 ഉം, സ്വിറ്റ്സർലൻറിന് 39 ഉം, ഇറാഖിനും സെർബിയയ്ക്കും കാനഡയ്ക്കും 35 ഉം, പാകിസ്ഥാന് 19 ഉം ശതമാനമാണ് തീരുവ ചുമത്തുക.

******************

## PIB-FACT CHECK

യുഎസ് പ്രസിഡൻറ് ഡൊണാൾഡ് ട്രംപ് പ്രഖ്യാപിച്ച 25 ശതമാനം നികുതിയെ തുടർന്ന് ഇന്ത്യയിൽ ആറായിരം കോടി ഡോളർ വിപണി നഷ്ടമുണ്ടായതായും സാമ്പത്തിക അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതായുമുള്ള പാകിസ്ഥാൻ പ്രചാരണം വ്യാജമെന്ന് പിഐബി ഫാക്ട് ചെക്ക് വിഭാഗം. ഇന്ത്യയിൽ സാമ്പത്തിക അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിട്ടില്ലെന്നും വ്യാജ

പ്രചരണങ്ങൾക്കെതിരെ ജാഗ്രത പാലിക്കണമെന്നും ഫാക്ട് ചെക്ക് യൂണിറ്റ് അഭ്യർത്ഥിച്ചു.

******************

## RUSSIA-UKRAINE

യുക്രൈനിലെ കീവിൽ റഷ്യ ഇന്നലെ നടത്തിയ മിസൈൽ - ഡ്രോൺ ആക്രമണങ്ങളിൽ 16 പേർ കൊല്ലപ്പെട്ടു. 100 ലധികം പേർക്ക് പരിക്കേറ്റിട്ടുണ്ട്. സംഘർഷം ആരംഭിച്ചതിനുശേഷം കീവിൽ സാധാരണക്കാർക്കെതിരെ ഉണ്ടാകുന്ന ഏറ്റവും വലിയ ആക്രമണമാണിതെന്ന് യുക്രൈൻ വ്യക്തമാക്കി. അതേസമയം ,ജനവാസകേന്ദ്രങ്ങളെയല്ല ലക്ഷ്യം വച്ചതെന്ന് റഷ്യ പ്രതികരിച്ചു .

******************

## Macau open

മക്കാവു ഓപ്പൺ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ തരുൺ മന്നേപ്പള്ളി സെമി ഫൈനലിൽ പ്രവേശിച്ചു. ക്വാർട്ടർ ഫൈനൽ മത്സരത്തിൽ ചൈനീസ് താരത്തെ ഒന്നിനെതിരെ രണ്ട് ഗെയിമുകൾക്ക് പരാജയപ്പെടുത്തിയാണ് തരുൺ അവസാന നാലിൽ ഇടം പിടിച്ചത്. ഇന്ത്യയുടെ ലക്ഷ്യ സെന്നും ചൈനയുടെ സു -സുവാൻ - ചെന്നും തമ്മിലുള്ള ക്വാർട്ടർ ഫൈനൽ മത്സരം പുരോഗമിക്കുകയാണ്.

******************

## SENSEX-GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 329 പോയിന്റ് താഴ്ന്നു 80,555 ലും, നിഫ്റ്റി 126 പോയിന്റ് നഷ്ടത്തിൽ 24,641 ലും വ്യാപാരം തുടരുന്നു.

സ്വർണ വില കുറഞ്ഞു. സ്വർണം ഗ്രാമിന് 20 രൂപ താഴ്ന്നു 9,150 രൂപയും,പവന് 160 രൂപ കുറഞ്ഞു 73,200 രൂപയുമാണ് ഇന്നത്തെ വില.

******************

## CHANGE OF GUARD

നാളെയും, ഈ മാസം 9, 16 തീയതികളിലും രാഷ്ട്രപതി ഭവന് മുന്നിൽ Change of Guard ചടങ്ങുകൾ ഉണ്ടായിരിക്കില്ലെന്ന് രാഷ്ട്രപതി കാര്യാലയം അറിയിച്ചു. സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായ ചടങ്ങുകളുടെ റിഹേഴ്സൽ നടക്കുന്നതിനാലാണിത്.

*****************

*****************

******